കേരള പോലീസ്
KERALA POLICE

# കൊലപാതക ശ്രമം നടത്തിയ ആൾ പിടിയിൽ



കോട്ടയം: ഇറച്ചി മാർക്കറ്റിൽ വച്ച് മദ്യപാനത്തിനു ശേഷം കൂടെ മദ്യപിച്ച ആളിൽ നിന്നും പണം മോഷ്ടിക്കുക എന്ന ഉദ്ദേശത്തോടെ കൊലപാതകശ്രമം നടത്തിയ കുടമാളൂർ കൊപ്രയിൽ വീട്ടിൽ ജോൺ മകൻ ജയിംസ് (41) നെ കോട്ടയം വെസ്റ്റ് പോലീസ് കസ്റ്റഡിയിൽ എടുത്തു. മുട്ടമ്പലം പുത്തൻപറമ്പിൽ സുകുമാരൻ മകൻ സാബു (50)– വിനെയാണ് ജയിംസ് കൊലപ്പെടുത്തുവാൻ ശ്രമിച്ചത്. സാബുമായി സൗഹൃദം സ്ഥാപിച്ച് കൂടെ കൂടിയ ജയിംസ് മദ്യം വാങ്ങി നൽകിയ ശേഷം പണം അപഹരിക്കുന്നതിനിടയിൽ കുത്തി കൊലപ്പെടുത്തുവാൻ ശ്രമിക്കുകയായിരുന്നു.

അപരിചിതരുമായി കൂട്ടുകൂടിയ ശേഷം അവർക്ക് മദ്യം വാങ്ങി നൽകി അവശരാക്കി അവരിൽനിന്നും പണവും ആഭരണങ്ങളും മറ്റു വിലപിടിപ്പുള്ള സാധനങ്ങളും മോഷ്ടിക്കുക എന്നതാണ് പ്രതിയുടെ രീതി. ജയിംസ് ഒന്നിലധികം പോക്കറ്റടി കേസുകളിലും പിടിച്ചുപറി കേസുകളിലും പ്രതിയാണ്.

കോട്ടയം വെസ്റ്റ് പോലീസ് സ്റ്റേഷനിലെ എസ് ഐ എം.ജെ അരുൺ, എഎസ്ഐ – പ്രദീപ്, എസ് സി പി ഒ – അഷ്റഫ് എന്നിവരടങ്ങുന്ന സംഘമാണ് ജയിംസിനെ പിടികൂടിയത് .

***ജില്ലാ പോലീസ്, കോട്ടയം***